**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4606** **29-10-2021 - ൽ മറുപടിയ്ക്ക്**

**ഈരാറ്റുപേട്ട മുൻസിപ്പാലിറ്റി ഭാഗത്ത് ചെക്ക് ഡാം കം കോസ്‌വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിലെ ഒമ്പതാം വാർഡിലെ കാരക്കാട് ചങ്ങാടക്കടവ് ഭാഗവും തലപ്പലം പഞ്ചായത്തിലെ പത്താം വാർഡിലെ ഇളപ്പുങ്കൽ പ്രദേശവും തമ്മിൽ ബന്ധിപ്പിച്ച് മീനച്ചിലാറിൽ ഒരു ചെക്ക് ഡാം കം കോസ്‌വേ നിർമ്മിക്കണമെന്ന പ്രദേശവാസികളുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നല്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ ചങ്ങാടക്കടവ് ഭാഗത്ത് മീനച്ചിലാറിനു കുറുകെ ഒരു ചെക്ക് ഡാം കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന്റെ പ്രാരംഭ നടപടിയായി മണ്ണ് പര്യവേക്ഷണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. സാമ്പത്തികാനുമതി നൽകി മണ്ണ് പര്യവേക്ഷണം പൂർത്തിയാക്കിയ ശേഷം പ്രസ്തുത ചെക്ക് ഡാം കം കോസ് വേ നിർമ്മാണത്തിനുള്ള ഡിസൈൻ ഐ.ഡി.ആർ.ബി.യിൽ നിന്നും ലഭ്യമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി ഏറ്റെടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ